തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം – 676 502

# നിർവാഹകസമിതി
## അറുപത്തിയാറാമത് യോഗതീരുമാനങ്ങൾ
**2024 മാർച്ച് 26 ന് ചൊവ്വാഴ്ച, രാവിലെ 10.30 ന്**

**പങ്കെടുത്തവർ:**

1. ഡോ. സുഷമ എൽ. (വൈസ് ചാൻസലർ) (അദ്ധ്യക്ഷ)
2. ശ്രീ അനിൽകുമാർ വി.എസ്. (അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്)
3. ശ്രീമതി എസ്.വി. കല (സ്പെഷ്യൽ സെക്രട്ടറി, ധനകാര്യവകുപ്പ്)
4. ശ്രീമതി സുഭാഷിണി തങ്കച്ചി (ഡെപ്യൂട്ടി സെക്രട്ടറി, സാംസ്കാരികകാര്യ (സി) വകുപ്പ്)
5. ഡോ. ജെ. പ്രസാദ്
6. ഡോ. സി. രാജേന്ദ്രൻ
7. ഡോ. കെ.ജി. പൗലോസ്
8. ഡോ. കെ.എം. അനിൽ
9. ഡോ. ധന്യ ആർ.

ഡോ. കെ.എം. ഭരതൻ (രജിസ്ട്രാർ ഇൻ ചാർജ്) യോഗത്തിൽ സന്നിഹിതനായിരുന്നു.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിർവാഹകസമിതിയുടെ 66-ാമത് യോഗം ബഹു. വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ ചേർന്നു. വൈസ് ചാൻസലർ സമിതി അംഗങ്ങളെ യോഗത്തിലേക്ക് സ്വാഗതം ചെയ്തു. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ ബഡ്ജറ്റ് അവതരണം സാധ്യമാകാത്ത സാഹചര്യത്തിൽ വോട്ട് ഓൺ അക്കൗണ്ട് സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുവാനും ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള മറുപടി അംഗീകരിക്കുവാനും രണ്ട് പിഎച്ച്.ഡി. വിദ്യാർത്ഥികളുടെ ബിരുദം അനുവദിക്കുന്നതിനുമാണ് യോഗം വിളിച്ചുചേർത്തതെന്ന് വൈസ് ചാൻസലർ അറിയിച്ചു. തുടർന്ന് അജണ്ടകൾ അവതരിപ്പിച്ചു.

## തീരുമാനങ്ങൾ

| വിഷയം | തീരുമാനം |
|---|---|
| ഇനം നമ്പർ: **2024.27**<br>**വൈസ് ചാൻസലറുടെ റിപ്പോർട്ട്.** | ബഹു. വൈസ് ചാൻസലർ അവതരിപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു. |
| ഇനം നമ്പർ: **2024.28**<br>**നിർവാഹകസമിതിയുടെ അറുപത്തിനാല്, അറുപത്തിയഞ്ച് യോഗങ്ങളുടെ തീരുമാനങ്ങൾ സ്ഥിരീകരിക്കുന്നത് – സംബന്ധിച്ച്.** | അടുത്ത യോഗത്തിലേക്ക് മാറ്റിവച്ചു. |

| | |
|---|---|
| ഇനം നമ്പർ: **2024.29**<br>**നിർവാഹകസമിതിയുടെ അറുപത്തിനാല്, അറുപത്തിയഞ്ച് യോഗതീരുമാനങ്ങളിലെ തുടർനടപടികൾ.** | അടുത്ത യോഗത്തിലേക്ക് മാറ്റിവച്ചു. |
| ഇനം നമ്പർ: **2024.30**<br>**2024-25 സാമ്പത്തികവർഷത്തെ 3 മാസത്തെ വരവ്-ചെലവ് കണക്കുകൾ കാണിക്കുന്ന വോട്ട് ഓൺ അക്കൗണ്ട് അംഗീകരിക്കുന്നത് - സംബന്ധിച്ച്.** | അംഗീകരിച്ചു. |
| ഇനം നമ്പർ: **2024.31**<br>**2017-18, 2018-19 വർഷങ്ങളിലെ സ്റ്റേറ്റ് ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടി അംഗീകരിക്കുന്നത് - സംബന്ധിച്ച്.** | അംഗീകരിച്ചു. |
| ഇനം നമ്പർ: **2024.32**<br>**20.03.2024 ന് ചേർന്ന സ്റ്റാഫ് ഉപസമിതിയുടെ ശുപാർശകൾ അംഗീകരിക്കുന്നത് - സംബന്ധിച്ച്.** | അടുത്ത യോഗത്തിലേക്ക് മാറ്റിവച്ചു. |
| ഇനം നമ്പർ: **2024.33**<br>**20.03.2024 ന് ചേർന്ന ആസൂത്രണ ഉപസമിതിയുടെ ശുപാർശകൾ അംഗീകരിക്കുന്നത് - സംബന്ധിച്ച്.** | അടുത്ത യോഗത്തിലേക്ക് മാറ്റിവച്ചു. |
| ഇനം നമ്പർ: **2024.34**<br>**സാഹിത്യരചനസ്കൂളിലെ ഗവേഷകൻ ശ്രീ രഞ്ജിത്ത് കുമാറിന് പിഎച്ച്.ഡി. ബിരുദം നൽകുന്നത് - സംബന്ധിച്ച്.** | സാഹിത്യപഠനസ്കൂളിലെ പ്രൊഫസറായിരുന്ന ഡോ. ടി. അനിതകുമാരിയുടെ മാർഗനിർദേശത്തിൽ ‘തുള്ളൽക്കളരികളും അരങ്ങുപാഠവും: അമ്പലപ്പുഴ, കുട്ടമത്ത്, കലാമണ്ഡലം കളരികളെ മുൻനിർത്തിയുള്ള പഠനം’ എന്ന വിഷയത്തിൽ ഗവേഷണം പൂർത്തിയാക്കിയ സാഹിത്യരചനസ്കൂളിലെ ശ്രീ രഞ്ജിത്ത് കുമാർ എം.ആർ. ന് പിഎച്ച്.ഡി. ബിരുദം നൽകുവാൻ തീരുമാനിച്ചു. |

| | |
|---|---|
| ഇനം നമ്പർ: **2024.35**<br>**സംസ്കാരപൈതൃകപഠനസ്കൂളിലെ ഗവേഷക ശ്രീമതി സജിത കെ.വി. ക്ക് പിഎച്ച്.ഡി. ബിരുദം നൽകുന്നത് – സംബന്ധിച്ച്.** | സംസ്കാരപൈതൃകപഠനസ്കൂളിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ജി. സജിനയുടെ മാർഗനിർദേശത്തിൽ 'പൈതൃകനിർമിതിയും വിനിമയവും: തെരഞ്ഞെടുത്ത മലയാള പരസ്യങ്ങളെ മുൻനിർത്തിയുള്ള പഠനം' എന്ന വിഷയത്തിൽ ഗവേഷണം പൂർത്തിയാക്കിയ സംസ്കാരപൈതൃകപഠനസ്കൂളിലെ ശ്രീമതി സജിത കെ.വിക്ക് പിഎച്ച്.ഡി. ബിരുദം നൽകുവാൻ തീരുമാനിച്ചു. |
| ഇനം നമ്പർ: **2024.36**<br>**തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ FYUGP നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ആക്ട്, സ്റ്റാറ്റ്യൂട്ട് എന്നിവയിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തുന്നത് – സംബന്ധിച്ച്.** | അടുത്ത യോഗത്തിലേക്ക് മാറ്റിവച്ചു. |

യോഗം രാവിലെ 11 മണിക്ക് അവസാനിച്ചു.

രജിസ്ട്രാർ ഇൻ ചാർജ്